

കോഴിക്കോട്ടെ ഗവ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസിന്റെ ഡയറക്ടറായിരുന്നു. കോഴിക്കോട് ചേതന സെന്റർ ഫോർ ന്യൂറോ സൈക്യാട്രി ഡയറക്ടർ, കോഴിക്കോട് തണൽ ആത്മഹത്യാപ്രതിരോധ കേന്ദ്രത്തിന്റെ ചെയർമാൻ, ഐ.എം.എയുടെ കേരള സ്റ്റേറ്റ് കമ്മിറ്റി ഫോർ മെന്റൽ ഹെൽത്തിന്റെ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. ഡോപമിൻ, മലയാളിയും മദ്യപാനവും-എങ്ങനെ ചികിത്സിക്കണം, പഠനം പാൽപ്പായസം പോലെ, മേധാക്ഷയം- സ്മൃതിനാശം, ആത്മഹത്യ- പ്രശ്നങ്ങളും പ്രതിരോധ മാർഗങ്ങളും ഇന്റർനെറ്റ് മൊബൈൽ അഡിക്ഷൻ തുടങ്ങിയ പുസ്തകങ്ങളുടെ രചയിതാവാണ്.

**ഡോ. പി.എൻ സുരേഷ് കുമാർ**
MD, DPM, DNB, PhD, MRC Psych.
പ്രൊഫസർ ഓഫ് സൈക്യാട്രി
ഡയറക്ടർ, ചേതന സെന്റർ ഫോർ ന്യൂറോസൈക്യാട്രി
Mail: drpnsuresh@gmail.com



# അന്ധവിശ്വാസം അതല്ലേ എല്ലാം

> **"അന്ധവിശ്വാസവും അതിനെ മുതലെടുക്കുന്ന ചില ക്രിമിനൽ ചിന്താഗതിക്കാരും ഒന്നിക്കുമ്പോഴുണ്ടാകുന്ന ദുരന്തമാണ് ഇന്നു നാം കാണുന്നത്. ഭഗവത് സിങ്, ലൈല എന്നിവർ കടുത്ത വിശ്വാസികളാണ്, ഇവർക്കിടയിലേക്കാണ് പറഞ്ഞുകേട്ടിടത്തോളം സൈക്കോപതിക് ക്രിമിനലായ ഷാഫി കടന്നുവരുന്നത്. അയാളുടെ സ്വാധീനം ആ വിശ്വാസികളിൽ ആഴത്തിൽ കടന്നുചെന്നതാണ് ദുരന്തത്തിലേക്കുള്ള ആദ്യപടിയായത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, കേരളത്തിലിപ്പോഴും അന്ധവിശ്വാസത്തിന് നല്ല സ്കോപ്പാണ്. വിശ്വാസത്തിനൊപ്പവും അതിനുമേലെയും വേരൂന്നിനിൽക്കുകയാണ് ഇതിന്റെ അലയൊലികൾ. പലതും നമ്മളറിയാതെ അരങ്ങേറുന്നുണ്ട്. സമൂഹത്തിന്റെ മനോനിലയെക്കുറിച്ചാണ് ഇത് വ്യക്തമാക്കുന്നത്. വിദ്യാഭ്യാസത്തിൽ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സാമൂഹ്യ സാംസ്കാരിക രംഗത്ത് നാം വളരെ പിന്നിലാണ്.**

**ഐ**ശ്വര്യത്തിനും സമ്പത്തിനുമായി ആളുകളെ കൊല്ലുക, ദേവപ്രീതിക്കായി മനുഷ്യമാംസം ഭക്ഷിക്കുക, നഗ്നപൂജ നടത്തുക...
മുമ്പെങ്ങും കേട്ടിട്ടില്ലാത്തവിധം വാർത്തകളാണ് ഇന്ന് നമുക്കുചുറ്റും.

പത്തനംതിട്ടയിലെ ഇലന്തൂരിൽ നടന്ന ആഭിചാരക്കൊലപാതകങ്ങളും കൊല്ലത്തെ നഗ്നപൂജയുമെല്ലാം പ്രബുദ്ധരെന്ന് അവകാശപ്പെടുന്ന, സമ്പൂർണ സാക്ഷരരെന്ന് അവകാശപ്പെടുന്ന കേരളീയർതന്നെയാണ് ചെയ്തുകൂട്ടിയിരിക്കുന്നത്. ഇതെല്ലാം നാടിനെ വീണ്ടും പിന്നോട്ടടിപ്പിക്കുന്ന കാഴ്ചയാണ്.

ശ്രീനാരായണ ഗുരു, ചാവറയച്ചൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയ നവോത്ഥാന നായകരിലൂടെ കേരളം കൈവരിച്ച സാമൂഹ്യസാംസ്കാരിക അഭ്യുന്നതിയാണ് ഇന്ന് കൈമോശം വന്നിരിക്കുന്നത്. പണത്തിനുവേണ്ടി ജനം എത്രത്തോളം അധപതിക്കും എന്നതിന്റെ പല ഉദാഹരണങ്ങളും ഇതിനകം നാം കണ്ടു. വിഷപ്പാമ്പിനെകൊണ്ട് ഭാര്യയെ കടിപ്പിച്ചുകൊന്ന ചെറുപ്പക്കാരനും നവവധുവിനെ നിരന്തരം ഉപദ്രവിച്ച് ആത്മഹത്യയിലേക്ക് തള്ളിവിടാൻ കാരണക്കാരനായ ഭർത്താവും നമ്മുടെയിടയിൽത്തന്നെയുണ്ട്.

അതിദാരുണമായ സംഭവത്തിന്റെ ലക്ഷ്യം സമ്പത്തും ഐശ്വര്യവും ലഭിക്കുമെന്ന (അന്ധ)വിശ്വാസം മാത്രമാണെന്നത് വളരെ ഗൗരവകരമാണ്. ഈശ്വരപ്രീതിക്കായി നരബലി മാത്രമല്ല, നരഭോജനംകൂടി നടന്നുവെന്ന റിപ്പോർട്ടുകൾ അത്യന്തം ഞെട്ടിക്കുന്നതാണ്.

## വിശ്വാസത്തിലെ ഏടാകൂടങ്ങൾ

അന്ധവിശ്വാസവും അതിനെ മുതലെടുക്കുന്ന ചില ക്രിമിനൽ ചിന്താഗതിക്കാരും ഒന്നിക്കുമ്പോഴുണ്ടാകുന്ന ദുരന്തമാണ് ഇന്നു നാം കാണുന്നത്. ഭഗവത് സിങ്, ലൈല എന്നിവർ കടുത്ത വിശ്വാസികളാണ്, ഇവർക്കിടയിലേക്കാണ് പറഞ്ഞുകേട്ടിടത്തോളം സൈക്കോപതിക് ക്രിമിനലായ ഷാഫി കടന്നുവരുന്നത്. അയാളുടെ സ്വാധീനം ആ വിശ്വാസികളിൽ ആഴത്തിൽ കടന്നുചെന്നതാണ് ദുരന്തത്തിലേക്കുള്ള ആദ്യപടിയായത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, കേരളത്തിലിപ്പോഴും അന്ധവിശ്വാസത്തിന് നല്ല സ്കോപ്പാണ്. വിശ്വാസത്തിനൊപ്പവും അതിനുമേലെയും വേരൂന്നിനിൽക്കുകയാണ് ഇതിന്റെ അലയൊലികൾ. പലതും നമ്മളറിയാതെ അരങ്ങേറുന്നുണ്ട്. സമൂഹത്തിന്റെ മനോനിലയെക്കുറിച്ചാണ് ഇത് വ്യക്തമാക്കുന്നത്. വിദ്യാഭ്യാസത്തിൽ മുന്നോട്ട് പോയിട്ടുണ്ടെങ്കിലും സാമൂഹ്യ സാംസ്കാരിക രംഗത്ത് നാം വളരെ പിന്നിലാണ്.

## മനസ്സിന് രോഗമില്ല

അന്ധവിശ്വാസികൾ ഒരിക്കലും മാനസിക രോഗികളല്ല എന്നാണ് മാനസികാരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നിൽക്കുമ്പോൾ മനസ്സിലാക്കാനാകുന്നത്. പലപ്പോഴും മാനസിക രോഗികളാണ് മന്ത്രവാദ ആഭിചാരക്രിയകൾക്ക് ഇരയാക്കപ്പെടുന്നത്. മനോരോഗ ചികിത്സയ്ക്ക് വരുന്ന ഭൂരിഭാഗവും ഇത്തരം പല കുതന്ത്ര ചികിത്സകൾക്കും പോയി ശാരീരികമായും മാനസികമായും ഒരു ഗതിയുമില്ലാതെ വരുമ്പോഴാണ് ആശുപത്രികളിലേക്കെത്തുക. ആശുപത്രികളിലെ ചികിത്സയ്ക്കിടെ തന്നെ ഈ ചികിത്സ വേണ്ടെന്നുപറഞ്ഞ് നിർബന്ധിത ഡിസ്ചാർജ് വാങ്ങി പോകുന്നവരുമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ഒന്നും ചെയ്യാൻ പറ്റാത്ത സ്ഥിതിയാണ് ഡോക്ടർമാർക്ക്. ബാധകയറിയതുപോലെ, അബോധാവസ്ഥയിൽപോലെ പ്രതികരിക്കുന്നവരെ ഒക്കെ ഇങ്ങനെ ചികിത്സ പൂർത്തിയാക്കാതെ മറ്റ് മന്ത്രവാദ ചികിത്സയിലേക്ക് കൊണ്ടുപോകാറുണ്ട്. നമ്മുടെ സാംസ്കാരിക ശൂന്യതയെയാണ് ഇത് വ്യക്തമാക്കുന്നത്.

മന്ത്രവാദം ഒരു മാനസിക രോഗമല്ല, തലമുറകളായി വേരൂന്നിയ അന്ധവിശ്വാസങ്ങളാണ്. കൂടോത്രം, കൈവിഷം, മഷിനോട്ടം, ഒടിയൻ, ചാത്തൻസേവ ഇതൊന്നും മാനസികമല്ലല്ലോ. നമുക്കറിയാവുന്നതും അല്ലാത്തതുമായ എത്രയോപേർ ഇത്തരം സംവിധാനങ്ങളെ ആശ്രയിക്കുന്നുമുണ്ട്. മറ്റൊരു രസകരമായ വസ്തുത എന്തെന്നാൽ മന്ത്രവാദത്തിന് ജാതിമതഭേദമില്ല എന്നതാണ്. ഹിന്ദുക്കളും മുസ്ലിംകളും ക്രിസ്ത്യാനികളും മന്ത്രവാദത്തിനു പോകും. അതിൽ ഹിന്ദുമന്ത്രവാദിയെന്നോ മുസ്ലീം മന്ത്രവാദിയെന്നോ ക്രിസ്ത്യൻ മന്ത്രവാദിയെന്നോ നോട്ടമില്ല.

## അത്യാർത്തി, അസൂയ

അമിതമായ ധനാർത്തിയും അസൂ

യയുമാണ് ഇതിൽ നമുക്ക് മുന്നോട്ടുവെക്കാവുന്ന നിരീക്ഷണം. വേറാരും നന്നായില്ലെങ്കിലും ഞാൻ നന്നാകണം. അതിനായി ഇനി അന്യനൊരുവൻ നശിച്ചുപോയാലും കുഴപ്പമില്ല, എന്ന കാഴ്ചപ്പാടാണ് ഇവരുടെ പൊതുതത്വം. ചുളുവിൽ പണം നേടാനുള്ള ത്വരയാകും ഇക്കൂട്ടരുടെ ഉള്ളിൽ. അതിങ്ങനെ കിടന്നു തിളച്ച്, ഏതുവിധവും പണമുണ്ടാക്കണമെന്ന നില വരുമ്പോഴാണ് അക്രമത്തിലേക്ക് കടക്കുന്നത്.

## വേണം മാധ്യമ സെൻസറിങ്

ഓരോ ദിവസവും പത്രചാനൽമാധ്യമങ്ങളിൽ വരുന്ന കുറ്റകൃത്യങ്ങളിൽ അതാത് മാധ്യമങ്ങൾക്കും പരമാവധി പങ്കുണ്ട്. ഒരേസമയം ഐശ്വര്യത്തിന്, സാമ്പത്തികലബ്ധിക്ക് ഒക്കെ എളുപ്പവഴികൾ ചാത്തൻസേവാമഠങ്ങളുടെയും മറ്റും പേരിൽ മാധ്യമങ്ങൾ പരസ്യമായി അവതരിപ്പിക്കുന്നത് പതിവാണ്. ബഹുവർണ പോസ്റ്ററുകൾ കണക്കെ പേജുമുഴുവൻ പരസ്യങ്ങൾ കൊടുത്തുള്ള പ്രോത്സാഹനവുമുണ്ട്. ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം എന്നതാണ് ഇവരുടെ രീതി. അതുപോലെ മറ്റൊരു പ്രശ്നമാണ് മാധ്യമങ്ങൾ ഈ വാർത്തകൾ പോയ ദിവസങ്ങളിൽ കൈകാര്യംചെയ്ത രീതി. ഇലന്തൂർ സംഭവം എല്ലാ മാധ്യമങ്ങളും ഒരു ആഘോഷമാക്കി മാറ്റി എന്നുതന്നെ പറയാം.

പത്രദൃശ്യമാധ്യങ്ങൾ സദ്യയൊരുക്കുന്നതുപോലെയാണ് ഇത്തരം വാർത്തകളെ സമീപിക്കുന്നത്. യാതൊരു സെൻസർഷിപ്പുമില്ലാതെ നടന്ന സംഭവങ്ങൾ പച്ചയ്ക്ക് വിവരിക്കുമ്പോൾ ഇരകളാക്കപ്പെട്ടവരുടെ ബന്ധുക്കളും ഈ പച്ചയായ റിപ്പോർട്ടിങ് കാണുന്നുവെന്നും അതവരെ എത്രമാത്രം വേദനിപ്പിക്കുന്നുവെന്നും നാമോർക്കണം. ഇത്തരം റിപ്പോർട്ടിങ് മനുഷ്യമനസ് മരവിച്ച് കൂടുതൽ കുറ്റകൃത്യങ്ങൾക്ക് പ്രചോദനമേകുന്ന അവസ്ഥയിലേക്കെത്തുകയാണ് ചെയ്യുക. ഉപയോഗിക്കുന്ന വാചകങ്ങളിലൊക്കെ വളരെയധികം സൂക്ഷ്മത പുലർത്തേണ്ടതാണ്. എന്നാൽ മാധ്യമവാർത്ത കാണുന്ന, ചെറിയ ക്രിമിനൽ മനസ്ഥിതിയുള്ളവർക്കുപോലും ഒരു ക്രൈം ചെയ്യാനുള്ള തോന്നലുണ്ടാക്കുന്നവിധമായിരുന്നു റിപ്പോർട്ടിങ്. ആര് കൂടുതൽ വിവരങ്ങൾ കൈമാറുന്നുവെന്നും റേറ്റിങ് എങ്ങനെ കൂട്ടുമെന്നും മാത്രം നോക്കിയുള്ള റിപ്പോർട്ടിങ് വിപരീതഫലം ചെയ്യും എന്ന് മനസ്സിലാക്കുക. കുട്ടികളെയും മനസ്സ് ദുർബലമായവരെയും ആഘാതമേൽപ്പിക്കുന്ന തരം റിപ്പോർട്ടിങ്, പ്രയോഗങ്ങൾ ഒഴിവാക്കുകതന്നെ വേണം. മിക്ക പ്രദേശങ്ങളിലുമുണ്ട് ഓരോരോ 'വാസന്തിമഠങ്ങൾ'! അവ കണ്ടെത്തി നടപടിയെടുക്കുക തന്നെവേണം. ആഘോഷങ്ങൾക്കൊടുവിൽ മാധ്യമങ്ങൾ പീലാത്തോസിനെ പോലെ, ഈ രക്തത്തിൽ എനിക്ക് പങ്കില്ലെന്നു പറഞ്ഞ് കൈകഴുകുന്നു.

> **മന്ത്രവാദം ഒരു മാനസിക രോഗമല്ല, തലമുറകളായി വേരൂന്നിയ അന്ധവിശ്വാസങ്ങളാണ്. കൂടോത്രം, കൈവിഷം, മഷിനോട്ടം, ഒടിയൻ, ചാത്തൻസേവ ഇതൊന്നും മാനസികമല്ലല്ലോ. നമുക്കറിയാവുന്നതും അല്ലാത്തതുമായ എത്രയോപേർ ഇത്തരം സംവിധാനങ്ങളെ ആശ്രയിക്കുന്നുമുണ്ട്.**

## നിയമം ഉടനടി

ആഭിചാരക്രിയയും ദുർമന്ത്രമവാദവുമെല്ലാം നിരോധിച്ചുകൊണ്ട് പ്രത്യേക നിയമം രൂപീകരിക്കാനുള്ള പല അവസരങ്ങളും കേരള സർക്കാരിനു കൈവന്നിട്ടുണ്ട്. പക്ഷെ ഒന്നും പ്രാവർത്തികമാക്കാൻ മാറിവന്ന സർക്കാരുകൾ ശ്രമിച്ചിട്ടില്ല. അന്ധവിശ്വാസങ്ങളുടെ പേരിൽ ഇത്തരം കൊലപാതകങ്ങളുണ്ടാകുമ്പോൾ മാത്രം കേരളം ഇരുട്ടിലേക്ക് പോകുന്നു എന്ന് നിലവിളിക്കുന്ന ഇക്കൂട്ടർ നിയമനിർമാണത്തിനുള്ള ഇച്ഛാശക്തി കാണിക്കാറില്ല. 10 വർഷത്തിനിടെ ഇതിനു നിയമസഹായകമായ പല കാര്യങ്ങളും സംഭവിച്ചിട്ടുണ്ട്. ഒരു നിയമപരിഷ്കാര കമീഷന്റെ കരട് ബിൽ സർക്കാരിനുമുന്നിലുണ്ട്. മുൻ ഡി.ജി.പി. ആയിരുന്ന ഹേമചന്ദ്രന്റെ നേതൃത്വത്തിലായരുന്നു കമീഷൻ. അന്ധവിശ്വാസത്തിന്റെ പേരിലുള്ള ചൂഷണം തടയാൻ 2014 ൽ നിരവധി പഠനങ്ങൾക്കും ചർച്ചകൾക്കും ശേഷം കരട് തയ്യാറാക്കിയിരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾക്ക് ഏഴു വർഷം തടവ് മുതൽ രണ്ട് ലക്ഷം പിഴയും വരെ കിട്ടാവുന്ന ശിക്ഷയും നിർദേശിച്ചിരുന്നു. പക്ഷെ ഒന്നും സംഭവിച്ചില്ല. ബാധ ഒഴിപ്പിക്കൽ, ജീവഹാനിവരുന്നവിധമുള്ള പ്രവൃത്തികൾ, ലൈംഗിക അനാചാരങ്ങൾ, അദ്ഭുതപ്രവൃത്തികളെന്ന അവകാശവാദം എന്നിവയൊക്കെയും കുറ്റകരമാണ്. ഇരകളെ വധിക്കുകയോ പരിക്കേൽപ്പിക്കുകയോ ചെയ്താൽ ഐ.പി.സി വകുപ്പുകൾപ്രകാരം ശിക്ഷാർഹമായിരിക്കും. നിയമം ഉടൻ വരുമെന്ന് അന്നത്തെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞിരുന്നു. പിന്നീട് ജസ്റ്റിസ് കെ.ടി തോമസ് അധ്യക്ഷനായ ഭരണപരിഷ്കാരകമീഷൻ 2019 ൽ തയ്യാറാക്കിയ ദുർമന്ത്രവാദം തടയൽ, ആഭിചാരം ഇല്ലാതാക്കൽ ബില്ലും സർക്കാർ പരിഗണിക്കുമെന്ന് പറഞ്ഞിരുന്നു. 2018 ൽ അന്നത്തെ പി.ടി തോമസ് എം.എൽ.എ ഇതുസംബന്ധിച്ച സ്വകാര്യബിൽ അവതരിപ്പിച്ചു. സമഗ്ര നിയമം പരിഗണനയിലുണ്ടെന്നതിനാൽ ബിൽ പരിഗണിച്ചില്ല. 2021 ആഗസ്തിൽ കെ.ഡി പ്രസേനൻ നിയമസഭയിൽ കേരള അന്ധവിശ്വാസ അനാചാര നിർമാർജന ബിൽ എന്നസ്വകാര്യബിൽ അവതരിപ്പിച്ചു. അതേസമയം മഹാരാഷ്ട്രയിൽ അന്ധവിശ്വാസത്തിനും അനാചാരത്തിനുമെതിരെ നിയമം പാസ്സാക്കിയിട്ടുണ്ട്.

ഇനിയെങ്കിലും അന്ധവിശ്വാസങ്ങളുടെ പേരിൽ രക്തച്ചൊരിച്ചിൽ ഒഴിവാക്കാൻ ഭരണകക്ഷികളും മാധ്യമങ്ങളും ഒരുപോലെ ഈ നിയമത്തിനായി വാദിക്കണം. ഇത്തരം വിഷയങ്ങൾ പെറ്റിക്കേസുകളിൽ ഒതുക്കാതെ കൊടുംകുറ്റകൃത്യമാകുന്നത് തടയാൻ പോലീസും ജാഗ്രത പാലിക്കണം. സമ്പത്തും ഐശ്വര്യവും ലഭിക്കാൻ കഠിനാധ്വാനമല്ലാതെ ഒരു കുറുക്കുവഴികളുമില്ലെന്ന് തിരിച്ചറിയുക. മനോരോഗത്തിന് ചികിത്സ മന്ത്രവാദമല്ല, അതിനുള്ള ബോധവൽക്കരണം ശക്തമാക്കണം.